9 (*462) കുടിവെള്ള വിതരണം സംബന്ധിച്ച മാസ്റ്റർ പ്ലാൻ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണം സംബന്ധിച്ച ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കിയിട്ടുണ്ടോ:

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ:

(സി) മാസ്റ്റർ പ്ലാൻ ഇല്ലാത്തപക്ഷം കുടിവെള്ള വിതരണത്തെപ്പറ്റി ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ മുഴുവൻ വില്ലേജുകളിലും ജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഒരു മാസ്റ്റർ പ്ലാൻ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഐ.പി.ഡി. ചീഫ് എഞ്ചിനീയർ ആക്ഷൻ പ്ലാനുകൾ അംഗീകരിച്ച്, അതനുസരിച്ച് ഓരോ ജില്ലയിലും മുൻഗണനാടിസ്ഥാനത്തിൽ വില്ലേജുകൾ തെരഞ്ഞെടുക്കുകയും പദ്ധതികളുടെ രൂപകൽപ്പന തയ്യാറാക്കുകയും ചെയ്യുന്നു. പ്രാഥമിക റിപ്പോർട്ട്, സമ്പൂർണ്ണ സർവ്വേ, വിശദമായ റിപ്പോർട്ട് എന്നീ അടിസ്ഥാനത്തിലാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത്. 1989-90 കാലഘട്ടത്തിൽ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ വിഭാഗം എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നത്. ശുദ്ധജല വിതരണ പദ്ധതികൾ രൂപകൽപ്പന ചെയ്യാൻ മാത്രമായുള്ള ഒരു സൂചികയാണ് മാസ്റ്റർ പ്ലാൻ. കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷതയും, എം. എൽ.എ. പദ്ധതികളുടെ ആവിഷ്കാരവും ചിലപ്പോഴൊക്കെ മാസ്റ്റർ പ്ലാനിൽ പെടാത്ത പദ്ധതികൾക്ക് രൂപകൽപ്പന ചെയ്യാൻ കാരണമായിട്ടുണ്ട്.

മാസ്റ്റർ പ്ലാൻ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിനും വിവിധ ധനകാര്യ സ്ഥാപനങ്ങൾക്കും പ്രോജക്ട് റിപ്പോർട്ടുകളിൽ വിഭാവന ചെയ്യുന്നതനുസരിച്ച് ധനസഹായത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. മാസ്റ്റർ പ്ലാൻ അനുസരിച്ച് തയ്യാറാക്കുന്ന പദ്ധതികളെല്ലാം സ്ഥായിയായ പദ്ധതികളും ധനസഹായം നൽകുന്ന ഏജൻസിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് 20 മുതൽ 30 വർഷം വരെ പ്രയോജനം ലഭിക്കത്തക്കവിധം ആസൂത്രണം ചെയ്യുന്നവയുമാണ്.

ഇതു കൂടാതെ അടുത്ത രണ്ടു വർഷം കൊണ്ട് പരിമിതമായ തോതിലെങ്കിലും എല്ലാവർക്കും കുടിവെള്ളം നൽകുവാനുള്ള ഒരു സമ്പൂർണ്ണ പദ്ധതിയും സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly